# വഞ്ചന തുടർക്കഥയാകുമ്പോൾ ആദിവാസികൾക്ക് ഭൂമി ഇന്നും അന്യം

കേരളീയം ന്യൂസ് സർവ്വീസ്

രക്ഷകരും വക്താക്കളും ഏറെയുണ്ടായിട്ടും ആദിവാസി ഭൂപ്രശ്നം തുടർക്കഥയാകുന്നു. ഏറെ ജനശ്രദ്ധയാകർഷിച്ച ആദിവാസി സമരം ഒത്തുതീർപ്പാക്കുമ്പോൾ നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ സർക്കാർ ഇനിയും വിജയിച്ചിട്ടില്ല. വാക്കു പാലിക്കുന്നു എന്നു വരുത്തിത്തീർക്കാൻ മറയൂരിൽ ജനവരിയിൽ ഏറെ കൊട്ടിഘോഷിച്ചു നടത്തിയ ഭൂമിവിതരണം വെറും പ്രഹസനമായിത്തീർന്നു. ഉപയോഗശൂന്യമായ ഭൂമി വിതരണം ചെയ്തു എന്നതിനു പുറമെ വ്യക്തമായ നിയമനിർമ്മാണം നടത്താതെയും സർക്കാർ ആദിവാസികളെ തട്ടിപ്പിനിരയാക്കുകയായിരുന്നു. വർഷങ്ങൾക്കു മുൻപ് അട്ടപ്പാടിയിൽ നടന്നതിന്റെ ആവർത്തനമാണ് സർക്കാർ മറയൂരിൽ കാണിച്ചുകൂട്ടിയത്. ആദിവാസി പുനരധിവാസ വികസനപദ്ധതിയുടെ മാസ്റ്റർപ്ലാനിൽ ആദിവാസികൾക്കെതിരായ വ്യവസ്ഥകൾ ഏറെ ഉൾപ്പെടുത്തിയിരുന്നു. പാറക്കെട്ടുകളും കിഴക്കാംതൂക്കായ സ്ഥലങ്ങളും മണ്ണ് കുത്തിയൊലിക്കുന്ന ചെങ്കുത്തായ പ്രദേശങ്ങളുമാണ് മറയൂരിൽ ആദിവാസികൾക്ക് സ്വന്തമാക്കാനായത്!

## ആവർത്തിക്കപ്പെടുന്ന വാദങ്ങൾ

ആദിവാസി പുനരധിവാസ വികസന പദ്ധതിയുടെ ഭാഗമായി ഭൂവിതരണത്തിന് തങ്ങൾ തയ്യാറാണെങ്കിലും ആദിവാസികൾക്ക് തിരിച്ചുനൽകാൻ അവരുടെ സ്വന്തം മണ്ണ് കിട്ടാനില്ലെന്ന പഴയവാദം ആന്റണി സർക്കാരും ആവർത്തിക്കുകയാണ്. അതുകൊണ്ടുതന്നെ പകരം ഭൂമി എന്ന നിലപാടിൽ സർക്കാർ നിൽക്കുന്നു. അന്യാധീനപ്പെട്ട ഭൂമിയെ സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിൽ നിലനിൽക്കുമ്പോൾ പകരം ഭൂമി എന്ന ആശയം ആദിവാസികൾക്ക് തുണയായിരുന്നു എന്നത് യാഥാർത്ഥ്യം തന്നെയാണ്. അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കാനാകാതെ സമരം ഒത്തുതീർന്നത് ഒത്തുകളിയായിരുന്നു എന്നു കുറ്റപ്പെടുത്തൽ ഉയർന്നപ്പോൾ സി.കെ.ജാനു ചൂണ്ടിക്കാണിച്ച ന്യായവും ഇതുതന്നെയായിരുന്നു. എന്നാൽ പകരം ഭൂമി എന്ന ആശയത്തിനു മുന്നിൽ ആദ്യം വിലങ്ങുതടിയായത് വനംവകുപ്പായിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശത്തെച്ചൊല്ലി റവന്യൂവകുപ്പും വനംവകുപ്പും ഏറ്റുമുട്ടുകയാണുണ്ടായത്. തങ്ങളുടെ ഭൂമിയാണ് വിതരണം ചെയ്യുന്നത് എന്നും അത് അനുവദിക്കാവുന്നതല്ല എന്നും വനംവകുപ്പ് ആവർത്തിച്ച് വ്യക്തമാക്കുന്നു. മറയൂരിലെ ഭൂവിതരണത്തോട് വനംവകുപ്പ് പൂർണ്ണ നിസ്സഹകരണമാണ് പ്രഖ്യാപിച്ചത്. വനംഭൂമിയും റവന്യൂഭൂമിയും ഏതൊക്കെയെന്ന് സർക്കാർ ഇനിയും വേർതിരിച്ചെടുത്തിട്ടില്ല എന്ന പഴക്കം ചെന്ന വാദം വീണ്ടും ഉയർന്നുവന്നത് ഈ പശ്ചാത്തലത്തിലായിരുന്നു. വനഭൂമി പതിച്ചു നൽകിയാൽ അത് കോടതി ഉത്തരവുകളുടേയും വനസംരക്ഷണ നിയമങ്ങളുടേയും ലംഘനമാകുമെന്നും സൂചിപ്പിക്കപ്പെട്ടു. ഏക്കർ കണക്കിനു ആദിവാസി ഭൂമി രാഷ്ട്രീയസാമുദായിക മണ്ഡലങ്ങളിലെ പ്രമുഖർ ഉൾപ്പെടെയുള്ളവർ കയ്യടക്കിവച്ചിരിക്കുമ്പോഴാണ് ഈ തർക്കം എന്നതാണ് വൈരുദ്ധ്യം. ഫലത്തിൽ, ആദിവാസികളെ പുനരധിവസിപ്പിക്കാനുള്ള ഭൂമി കണ്ടെത്തുവാനുള്ള സർക്കാരുകളുടെ നെട്ടോട്ടം തുടരുക തന്നെ ചെയ്യുന്നു!

## പനവല്ലിയും ആശ്വാസമാകുന്നില്ല

പ്രതിസന്ധിയും നിലപാടുകളും ആവർത്തനമായി തുടർന്നുകൊണ്ടിരിക്കേ ആദിവാസി മുന്നേറ്റമായി തോന്നിപ്പിച്ചു കൊണ്ടാണ് ചിലയിടങ്ങളിൽ ആദിവാസികൾ വനഭൂമി കയ്യേറി കുടിൽ കെട്ടിയത്. സി.പി.എം.ന്റെ പിന്തുണയുള്ള ആദിവാസിക്ഷേമസമിതിയായിരുന്നു ഇതിനു നേതൃത്വം നൽകിയത്. വയനാട്ടിലെ തിരുനെല്ലി പഞ്ചായത്തിലെ പനവല്ലിയാണ് ജന്മാവകാശത്ത സ്ഥാപിച്ചുകൊണ്ടു ഭൂരഹിത ആദിവാസികൾ രംഗത്തെത്തിയത്. ഐതിഹാസിക സമരമായും സർക്കാർ വഞ്ചനക്കെതിരായുള്ള ആദിവാസികളുടെ ജീവൻമരണപോരാട്ടമായും ചിലർ ഇതിനെ വിലയിരുത്തി. പനവല്ലിയിലെ 90 ഏക്കർ വനഭൂമിയിൽ 60 ആദിവാസി കുടുംബങ്ങൾ അവകാശം സ്ഥാപിക്കാനെത്തി. തങ്ങളെ വഞ്ചിക്കാൻ ഇനി ആരേയും അനുവദിക്കില്ല എന്ന പ്രഖ്യാപനമാണ് ഇത് എന്നും, സംസ്ഥാനത്തെ മറ്റു ജില്ലകളിലേക്കും ഈ സമരം വ്യാപിപ്പിക്കുമെന്നും നേതാക്കൾ അവിടെ പ്രഖ്യാപിച്ചു.

എന്നാൽ ജാനുവിന്റെ നേതൃത്വത്തിലുള്ള ആദിവാസികസമിതിയെ ചെറുക്കുക എന്ന ലക്ഷ്യവുമായാണ് സി.പി.എം. ആദിവാസിക്ഷേമസമിതിയുമായി രംഗത്തെത്തിയിട്ടുള്ളത് എന്നതാണ് യാഥാർത്ഥ്യം. ജാനുവിന്റെ നേതൃത്വത്തിൽ ആദിവാസികൾ ഒറ്റക്കെട്ടായി നിലകൊള്ളുന്നതിലെ അസഹിഷ്ണുത തന്നെയാണ് അതിനു പിന്നിൽ. പണ്ട് പട്ടിണിജാഥകൾ പരാജയപ്പെട്ട പാഠം മുന്നിലുള്ളതിനാൽ വ്യക്തമായ ആസൂത്രണത്തോടെയും ലക്ഷ്യബോധത്തോടെയുമാണ് ക്ഷേമസമിതി രൂപീകരിച്ചിട്ടുള്ളത്. ജാനുവുമായി സർക്കാർ ഉണ്ടാക്കുന്ന ഒത്തുതീർപ്പ് ഫോർമുല പൊളിക്കണമെന്നും വനഭൂമി കയ്യേറണമെന്നും ആദിവാസിസമരം നടക്കുന്ന സമയത്തു തന്നെ അവർ തീരുമാനമെടുത്തിരുന്നു. അതോടൊപ്പം ആദിവാസി മേഖലയിൽ സ്വാധീനം വളർത്തിയെടുക്കണമെന്ന് സംസ്ഥാന സമ്മേളനത്തിലും ആ തീരുമാനങ്ങൾ പ്രായോഗികമാക്കുകയാണ് പനവല്ലിയിൽ അവർ ചെയ്തത്. കേരളം മുഴുവൻ പനവല്ലി മോഡൽ വ്യാപിപ്പിക്കണമെന്ന് അവർ ആഗ്രഹിച്ചിരുന്നെങ്കിലും സാഹചര്യം അനുകൂലമല്ല എന്നുകണ്ട് പിന്മാറുകയായിരുന്നു. പനവല്ലിയിൽ തന്നെ സമരം നിർത്തിവയ്ക്കുകയാണ് ആദിവാസി ക്ഷേമസമിതി ചെയ്തത്. തങ്ങൾക്കു നേരെ വ്യാപകമായി ഉയർന്നുവന്ന എതിർപ്പാണ് ഈ പിന്മാറ്റത്തിന് അവരെ പ്രേരിപ്പിച്ചത്. കേവലം പ്രതീകാത്മകസമരമായി അത് അവശേഷിച്ചു.

ആദിവാസികളുടെ മുഴുവൻ പിന്തുണ നേടിയെടുക്കാനായില്ലെങ്കിലും ജാനുവിന്റെ നേതൃത്വത്തെ ചോദ്യം ചെയ്യാൻ ആദിവാസി ക്ഷേമസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. ആദിവാസികൾക്കിടയിൽ ഭിന്നത സൃഷ്ടിക്കാൻ സാധിച്ചിട്ടില്ലെങ്കിലും പൊതു സമൂഹത്തിൽ ഏറെ ആശയക്കുഴപ്പം സൃഷ്ടിക്കാൻ സി.പി.എം.ന് ഇതുവഴി കഴിഞ്ഞിട്ടുണ്ട്.

## ചോദ്യങ്ങൾ ബാക്കിയാകുന്നു

ആദിവാസികളെ ഒറ്റപ്പെടുത്തുന്നതിൽ എന്നും ശ്രദ്ധ കാണിച്ചിട്ടുള്ള കേരളസമൂഹം അത് വീണ്ടും തുടരുമ്പോൾ ആദിവാസികളുടെ പ്രശ്നപരിഹാരം ഒരു മരീചികയായി തുടരുകയാണ്. ഭൂമിയെ കേവലം ക്രയവിക്രയവസ്തുവായി പരിഗണിക്കുന്ന ആധുനികസമൂഹത്തിന് ആദിവാസികളുടെ സ്വത്വപ്രതിസന്ധി ഇനിയും ഉൾക്കൊള്ളാനായിട്ടില്ല. അതിജീവനം തന്നെ വെല്ലുവിളിയായിരിക്കുന്ന അവരോട് ഉയർന്ന ജനാധിപത്യ സമീപനം പ്രകടിപ്പിക്കാൻ നമ്മൾ ഇനിയും തയ്യാറാകുന്നില്ല. അതുകൊണ്ടുതന്നെ, എല്ലാവരാലും വീണ്ടും വീണ്ടും വഞ്ചിക്കപ്പെട്ട് ആദിവാസി പ്രതിസന്ധി തുടരുമ്പോൾ ആശങ്കക്ക് വക ഏറെയാണ്. സമരവേളയിൽ സി.കെ.ജാനു പറഞ്ഞ ആ വാക്കുകൾ നമുക്ക് മറക്കാറായിട്ടില്ല: "ഇതു പരാജയപ്പെട്ടാൽ ഞങ്ങൾക്ക് തിരിച്ചു പോകാനുള്ളത് മരണത്തിലേക്കു മാത്രമാണ്."